# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1764 — 14.07.2016 -ൽ മറുപടിയ്ക്ക്

### ടൂറിസം പ്രചരണം

| ചോദ്യം<br>**ശ്രീ.പാറക്കൽ അബ്ദുള്ള:** | | ഉത്തരം<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന്, ടൂറിസം പദ്ധതികളുടെ മാർക്കറ്റിങ്ങും പ്രചരണ പരിപാടികളും ഗുണമേന്മ ഉറപ്പുവരുത്തലും അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; | എ) | ഉണ്ട്. വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് വിവിധങ്ങളായ മാർക്കറ്റിങ്ങ് രീതികളും പ്രചരണ പരിപാടികളും വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ഇതിനായി ദേശീയ അന്തർദേശീയ ടൂറിസം മേളകളിലും മറ്റും ടൂറിസം വകുപ്പ് എല്ലാ വർഷങ്ങളിലും പങ്കെടുത്തു വരുന്നു. ടൂറിസം സ്ഥിതി വിവരക്കണക്കുകളെ ആശ്രയിച്ച് വളർന്നുവരുന്ന മാർക്കറ്റുകളിലും ടൂറിസം വകുപ്പ് റോഡ്ഷോകളും **B2B, B2C** മീറ്റുകളും സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ കാലാനുസൃതമായ നൂതന പ്രചരണ രീതികൾക്ക് രൂപം നൽകുമോ; | ബി) | പല നൂതനമായ പ്രചരണ രീതികളും ടൂറിസം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. പ്രത്യേകിച്ച് സോഷ്യൽ മീഡിയകൾ വഴിയുള്ള പ്രചരണ പരിപാടികൾ. |
| സി) | ഇംഗ്ലണ്ട്, ജർമനി തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകൾക്കായി പ്രചരണ പരിപാടികൾ ശക്തമാക്കുമോ; | സി) യും ഡി) യും | WTM London, ITB Berlin എന്നീ പ്രശസ്തമായ മേളകളിൽ ടൂറിസം വകുപ്പ് പതിവായി പങ്കെടുത്തു വരുന്നുണ്ട്. കൂടാതെ കാലാനുസൃതമായ വിപണന രീതികളും വകുപ്പ് ഇവിടങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ഡി) | എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ